# കേരള സർവകലാശാല

നം. പി.ആർ.111/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

**കേരള സർവകലാശാല – പ്രൈവറ്റ് രജിസ്ട്രേഷൻ വിവാദം അനാവശ്യം**

കേരള സർവകലാശാലയിൽ ബിരുദ തലത്തിലെ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കിയതിനെ കുറിച്ച് തികച്ചും തെറ്റിദ്ധാരണാജനകമായ വാർത്തകളാണ് പ്രചരിച്ച്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർവകലാശാലകൾക്കിടയിൽ മികവിന്റെ ഒന്നാം സ്ഥാനവും ദേശിയതലത്തിൽ 29-ാം സ്ഥാനവുമാണ് കേരള സർവകലാശാലയ്ക്കുള്ളത്. അസൂയാവഹമായ ഈ നേട്ടത്തെ വിലകുറച്ച് കാണിക്കുന്നതിനും സർവകലാശാല നേടിയെടുത്ത യശസിന് കളങ്കം വരുത്തുന്നതിനുമാണ് ചില നിക്ഷിപ്ത താൽപര്യക്കാർ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നത്. ഇടക്കാലത്ത് സർവകലാശാലയുടെ വിദൂര പഠന കേന്ദ്രത്തിന് യു.ജി.സി അംഗീകാരം നഷ്ടപ്പെട്ടിരുന്നു. ഈ കാലയളവിൽ, ഇതിനകം തന്നെ നിർത്തിവച്ചിരുന്ന പോസ്റ്റ് ഗ്രാജുവേറ്റ് പ്രൈവറ്റ് രജിസ്ട്രേഷൻ താൽക്കാലികമായി പുനസ്ഥാപിക്കാൻ സർവകലാശാല നടപടികൾ തുടങ്ങിയിരുന്നു. എന്നാൽ വിദൂര പഠനകേന്ദ്രത്തിന്റെ യു.ജി.സി അംഗീകാരം പുനസ്ഥാപിക്കപ്പെട്ടപ്പോൾ പോസ്റ്റ് ഗ്രാജുവേറ്റ് പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കാനുള്ള നടപടി തുടരുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് വിട്ടു. 2017 ജനുവരി 20-ാം തീയതി നടന്ന സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് വിശദമായി പഠിച്ച് ബിരുദ-ബിരുദാനന്തരതലത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കേണ്ടതില്ല എന്ന് ശുപാർശ നൽകി. തുടർന്ന് 2017 ജനുവരി 21-ന് നടന്ന സിൻഡിക്കേറ്റ് യോഗം ഏകകണ്ഠമായി ഈ ശുപാർശ അംഗീകരിച്ചു. ഈ തീരുമാനം നടപ്പിലാക്കികൊണ്ടുള്ള സർവകലാശാല ഉത്തരവാണ് 2017 ഏപ്രിൽ മൂന്നാം തീയതി പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിനകം തന്നെ പ്രൈവറ്റ് രജിസ്ട്രേഷൻ നേടിയവരെ ഈ തീരുമാനം പ്രതികൂലമായി ബാധിക്കില്ല. സർവകലാശാലയിൽ പ്രൈവറ്റായി ബിരുദ-ബിരുദാനന്തര പഠനം നടത്തുന്നതിന് തടസമില്ല. വിദൂര പഠനകേന്ദ്രത്തിലൂടെ മാത്രമേ ഇത് സാധ്യമാകൂ എന്ന് മാത്രമാണ് ഈ തീരുമാനത്തിലൂടെ നടപ്പിൽ വന്നിരിക്കുന്നത്. ഉയർന്ന നിലവാരമുള്ള പഠനം വിദൂര പഠനകേന്ദ്രത്തിലൂടെ ലഭ്യമാക്കുമ്പോൾ സർവകലാശാല ബിരുദത്തിന്റെ ഗുണനിലവാരം ഉയർത്താനാവും എന്നതാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഒപ്പം റഗുലർ യൂണിവേഴ്സിറ്റികൾ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പരിധിയിലേക്ക് ആ വിഭാഗത്തിലുള്ള വിദ്യാർത്ഥികളെ കൊണ്ട് വരണമെന്ന ദേശീയ നയവും ഇതിലൂടെ നടപ്പിലാക്കാൻ ആകുന്നു. സർവകലാശാലയെ കുറിച്ച് തെറ്റായ വാർത്തകൾ നിക്ഷിപ്ത താൽപര്യക്കാർ എഴുതി നൽകുമ്പോൾ, വിശദമായ പരിശോധന നടത്തി മാത്രം അത് പ്രസിദ്ധീകരിക്കാൻ മാധ്യമങ്ങൾ ശ്രദ്ധിക്കണമെന്നും വൈസ്ചാൻസലർ അഭ്യർത്ഥിച്ചു.

## യു.ജി.സി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല യു.ജി.സി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമിലേക്ക് യോഗ്യരായ അദ്ധ്യാപകരിൽ നിന്നും കോളേജ് പ്രിൻസിപ്പാൾമാർ മുഖാന്തരം അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 15. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) News എന്ന ലിങ്കിലും റിസർച്ച് പോർട്ടലിലും (www.research.keralauniversity.ac.in) ലഭിക്കും.

## എം.എ റഷ്യൻ ലാംഗ്വേജ് & ലിറ്ററേച്ചർ ഫലം

കേരള സർവകലാശാല റഷ്യൻ പഠന കേന്ദ്രം 2017 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടത്തിയ എം.എ റഷ്യൻ ലാംഗ്വേജ് & ലിറ്ററേച്ചർ (പാർട്ട് ടൈം) (ഫൈനൽ ആന്റ് പ്രീവിയസ് - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.എസ്സി/എം.കോം പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം നടത്തുന്ന എം.എ/എം.എസ്സി/എം.കോം 2017 (പ്രീവിയസ് & ഫൈനൽ) സപ്ലിമെന്ററി പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴകൂടാതെ മെയ് 31 (50 രൂപ പിഴയോടെ ജൂൺ മൂന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ ഏഴ്) വരെ സ്വീകരിക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ മെയ് 23-ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ബി.ഡി.എസ് പരീക്ഷ

കേരള സർവകലാശാല ജൂൺ 14-ന് ആരംഭിക്കുന്ന ഫൈനൽ ബി.ഡി.എസ് പാർട്ട് രണ്ട് (2008 സ്കീം & 2008-ന് മുമ്പുള്ള സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 30 (50 രൂപ പിഴയോടെ ജൂൺ ഒന്ന്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ മൂന്ന്) വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

കേരള സർവകലാശാല ജൂൺ 23-ന് ആരംഭിക്കുന്ന ഫൈനൽ ബി.ഡി.എസ് പാർട്ട് ഒന്ന് (2008 സ്കീം & 2008-ന് മുമ്പുള്ള സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ ആറ് (50 രൂപ പിഴയോടെ ജൂൺ എട്ട്, 125 രൂപ സൂപ്പർ ഫൈനോട് കൂടി ജൂൺ ഒമ്പത്) വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

തിരുവനന്തപുരം.
23.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098